# സാമ്പത്തിക ജീർണതകൾ

ജമാൽ കടന്നപ്പള്ളി

**"എന്റെ** സമുദായത്തിൽ ഞാനേറ്റവും ഭയപ്പെടുന്നത് സമ്പത്തിനെയാണ്" എന്ന ഒരു പ്രവാചക വചനമുണ്ട്. കാലഘട്ടത്തിന്റെ വിദൂര പ്രതലങ്ങളിൽ പോലും തട്ടി പ്രതിധ്വനിച്ചു കൊണ്ടിരിക്കുന്ന മഹദ്വാക്യമാണ് ഇതെന്നു പറയേണ്ടതില്ല. അഴിമതി, വഞ്ചന, കൈക്കൂലി, തട്ടിപ്പ് എന്നിങ്ങനെ സമൂഹത്തിൽ സാമ്പത്തിക കുറ്റകൃത്യങ്ങൾ ഭീകരമാംവിധം പെരുകിക്കൊണ്ടിരിക്കുന്നു. ആദർശബലമില്ലാത്ത പൊതു സമൂഹത്തിൽ ഇങ്ങനെ സംഭവിക്കുന്നതിൽ അത്ഭുതമില്ല. എന്നാൽ സുവ്യക്തമായ ആദർശലക്ഷ്യങ്ങളുള്ള വിശ്വാസികൾ ഇങ്ങനെ ജീർണിക്കുന്നതിന്റെ പൊരുളെന്ത്?

ഉപര്യുക്ത ചോദ്യത്തിന്റെ ഉത്തരം നിൽക്കുന്നത് നമ്മുടെ ജീവിത കാഴ്ചപ്പാടിലാണ്. അതായത്, വിശ്വാസികൾക്ക് ഐഹികവും പാരത്രികവുമായ വിജയം വാഗ്ദാനം ചെയ്ത ജീവിതപദ്ധതിയാണ് ഇസ്‌ലാം. ദൗർഭാഗ്യകരമെന്നു പറയട്ടെ, ഇതര മതസങ്കൽപങ്ങൾ ഇസ്‌ലാമിനേൽപിച്ച ആഘാതവും യാഥാസ്ഥിതിക വീക്ഷണത്തിന്റെ മേൽക്കോയ്മയും കാരണം ഇസ്‌ലാമിന്റെ ജീവിത സങ്കൽപം വല്ലാതെ ലോപിക്കുകയും ഐഹിക ലോകത്തെ അതിന്റെ പങ്കുതന്നെ വിസ്മരിക്കപ്പെടുകയും ചെയ്തു. ഫലം മാരകമായിരുന്നു. മതം ഐഹിക വിജയത്തിനു വഴിപറഞ്ഞു തരുന്നില്ലെന്നു വന്നതോടെ സമുദായം പരക്കംപായാൻ തുടങ്ങി. ശുദ്ധജലം ലഭിക്കാത്തവൻ കലക്കുവെള്ളം കൊണ്ട് ദാഹം ശമിപ്പിക്കുന്നതുപോലെ അവർ ഐഹിക വിജയത്തിനു വേണ്ടി സകല അഴുക്കുചാലുകളിലും വീണുരുണ്ടു. സ്വാഭാവികമായും ഇസ്‌ലാം 'പള്ളിക്കാര്യ'വും 'മരണപദ്ധതി'യും മാത്രമായി ഒതുങ്ങി. ഐഹിക ജീവിത വിജയത്തിന്റെ രാജപാത ചൂണ്ടിക്കാട്ടിയ നിരവധി ഖുർആൻ സൂക്തങ്ങൾ അവർ കണ്ടില്ല. എതിർ ദിശയിലേക്കുള്ള ഈ സ്വാഭാവിക പരിണതിയിൽനിന്ന് ഐഹിക-പാരത്രിക വിജയത്തിന്റെ യഥാർഥ ട്രാക്കിലേക്ക് നാം ഓരോരുത്തരും സ്വയം പണിയെടുത്ത് സമുദായത്തെ മാറ്റേണ്ടിയിരിക്കുന്നു. 'സ്വയം മാറാൻ സന്നദ്ധമല്ലാത്ത ആരെയും അല്ലാഹു മാറ്റുകയില്ല' എന്ന് വിശുദ്ധ ഖുർആൻ വ്യക്തമാക്കിയതാണല്ലോ.

**പിൽക്കാലത്ത് സമുദായം ഇസ്‌ലാമിന്റെ പലകാര്യങ്ങളും ദൈവത്തിൽനിന്നെടുത്ത് സീസർക്ക് നൽകിയ കൂട്ടത്തിൽ തൊഴിലും പെട്ടു. അതോടെ തൊഴിൽ മേഖലയിൽ ഹലാൽ – ഹറാമുകൾ പയ്യെപ്പയ്യെ മാഞ്ഞുപോയി. മുതലാളിത്തത്തിന്റെ നവസാമ്രാജ്യത്വാധിനിവേശം കൂടി സംഭവിച്ചതോടെ വിശ്വാസി – അവിശ്വാസി എന്ന തിരിച്ചറിവ് തീർത്തും ദുഷ്കരമായി. അങ്ങനെയാണ് പലിശയും കരിമ്പണവും പെൺവാണിഭവും ഭൂമാഫിയയുമൊക്കെ മുസ്‌ലിം സമുദായത്തെകൂടി ഗ്രസിച്ചത്.**

നീതിനിഷ്ഠവും സത്യസന്ധവുമായ ഒരു ഭൗതികലോകം പണിതുയർത്തൽ വിശ്വാസിയുടെ ബാധ്യതയാണ്. അതുകൊണ്ടാണ് അല്ലാഹു മനുഷ്യനെ അവന്റെ ഖലീഫ(പ്രതിനിധി)യായി ഭൂമിയിലേക്കയച്ചത് (*അൽബഖറ* 30). മാത്രമല്ല, ഇസ്‌ലാമിലെ അതിശ്രേഷ്ഠമായ ജിഹാദിനോട് ചേർത്തിക്കൊണ്ടത്രെ വിശുദ്ധ ഖുർആൻ തൊഴിൽ ജീവിതത്തെ പരിചയപ്പെടുത്തിയത്: "നിങ്ങളിൽ ചിലർ ദൈവാനുഗ്രഹം തേടി ഭൂമിയിൽ സഞ്ചരിക്കുന്നവരും ചിലർ ദൈവമാർഗത്തിൽ സമരം ചെയ്യുന്നവരും ആണെന്ന് അല്ലാഹുവിനറിയാം" (*അൽമുസ്സമ്മിൽ* 20). നബി(സ) അരുൾ ചെയ്യുന്നു: "സത്യസന്ധനും വിശ്വസ്തനുമായ വ്യാപാരി ദൈവദൂതന്മാരുടെയും സച്ചരിതരുടെയും രക്തസാക്ഷികളുടെയും കൂടെയാണ്" (തിർമിദി, ഹാകിം).

പൂർവകാല ഇസ്‌ലാമിക പണ്ഡിതന്മാർ തൊഴിലെടുത്ത് ഉപജീവനം നയിച്ചവരായിരുന്നു. തൊഴിലുമായി ബന്ധപ്പെട്ട പേരിലാണ് അവരിൽ പലരും അറിയപ്പെടുന്നതുതന്നെ. ഉദാഹരണം ഇമാം ബസ്സാർ. ബസ്സാറിന്റെ അർഥം തുണി വ്യാപാരി എന്നത്രെ. ജസ്സാസിന്റെ അർഥമാവട്ടെ കുമ്മായപ്പണിക്കാരനെന്നും! ഇതു സംബന്ധമായി ഡോ. യൂസുഫുൽ ഖറദാവി ഉദ്ധരിച്ച പട്ടിക കാണുക: അൽഖഫ്ഫാൽ (പൂട്ടു വ്യാപാരി), അസ്സുജാജ്

(സ്ഫടിക വ്യാപാരി), അൽ ഖസ്സാർ (രത്നവ്യാപാരി), അൽഖസ്വാസ് (ഓല വ്യാപാരി), അൽ ഖയ്യാത് (തയ്യൽക്കാരൻ), അൽഖത്വാൻ (പരുത്തി വ്യാപാരി), അസ്സബ്ബാൻ (സോപ്പുവ്യാപാരി). ഗസ്സാലി എന്ന പേര് ഗസ്സാലു (നൂൽനൂൽപ്പ്) മായി ബന്ധപ്പെട്ടതാണെന്ന അഭിപ്രായമുണ്ട്. അത് അദ്ദേഹത്തിന്റെ കുടുംബതൊഴിലാണെന്ന് പറയപ്പെടുന്നു. അതല്ല ഗസ്സാൽ ഒരു പ്രദേശത്തിന്റെ പേരാണെന്നും അഭിപ്രായമുണ്ട്. (*ഇസ്‌ലാമും ദാരിദ്ര്യനിർമാർജനവും*, പേജ് 47). ഇതാവട്ടെ മഹാപ്രവാചകന്മാരുടെ പാതകൂടിയായിരുന്നു. 'ഇടയവൃത്തിയിലേർപ്പെടാത്ത ഒരാളെയും അല്ലാഹു പ്രവാചകനായി നിയോഗിച്ചിട്ടില്ലെന്ന്' നബി(സ) അരുൾ ചെയ്തിട്ടുണ്ട്. (മൂസാ നബി വിവാഹവേളയിൽ സ്ത്രീക്കു നൽകിയ മഹ്ർ 10 വർഷത്തെ ആടുമേയ്ക്കലായിരുന്നുവല്ലോ). ഇമാം ഹാകിം ഉദ്ധരിച്ച ഒരു നബിവചനത്തിൽ, ദാവൂദ് നബിയെ മേലങ്കിയും പടച്ചട്ടയും പണിയുന്ന ആളായും ആദം നബിയെ കർഷകനും നൂഹ് നബിയെ ആശാരിയും ഇദ്‌രീസ് നബിയെ തയ്യൽക്കാരനും മൂസാ നബിയെ ഇടയനുമായി പരിചയപ്പെടുത്തിയതായി കാണാം.

പിൽക്കാലത്ത് സമുദായം ഇസ്‌ലാമിന്റെ പലകാര്യങ്ങളും ദൈവത്തിൽനിന്നെടുത്ത് സീസർക്ക് നൽകിയ കൂട്ടത്തിൽ തൊഴിലും പെട്ടു. അതോടെ തൊഴിൽ മേഖലയിൽ ഹലാൽ-ഹറാമുകൾ പയ്യെപ്പയ്യെ മാഞ്ഞുപോയി. മുതലാളിത്തത്തിന്റെ നവസാമ്രാജ്യത്വാധിനിവേശം കൂടി സംഭവിച്ചതോടെ വിശ്വാസി-അവിശ്വാസി എന്ന തിരിച്ചറിവ് തീർത്തും ദുഷ്കരമായി. അങ്ങനെയാണ് പലിശയും കരിമ്പണവും പെൺവാണിഭവും ഭൂമാഫിയയുമൊക്കെ മുസ്‌ലിം സമുദായത്തെകൂടി ഗ്രസിച്ചത്.

യഥാർഥ വിശ്വാസിയായി തൊഴിൽ ജീവിതം നയിക്കാൻ തയാറുള്ളവർക്ക് ഐഹിക ജീവിതവിജയം വാഗ്ദാനം ചെയ്യുന്ന നിരവധി സൂക്തങ്ങളുണ്ട് ഖുർആനിൽ. ഒന്നുമാത്രം ഉദ്ധരിക്കാം: "നാടുകളിലെ നിവാസികൾ സത്യത്തിൽ വിശ്വസിക്കുകയും ദൈവഭക്തിയുടെ പാത സ്വീകരിക്കുകയുമാണെങ്കിൽ നാം അവർക്ക് വിണ്ണിലും മണ്ണിലും അനുഗ്രഹത്തിന്റെ കവാടങ്ങൾ തുറന്നുകൊടുക്കുന്നതാകുന്നു" (*അൽഅഅ്റാഫ്* 96).

### സകാത്ത് കൊടുക്കാതെ പലിശ കൊടുക്കുന്നവർ

പ്രശ്നങ്ങളെ ഭൗതികവീക്ഷണത്തിൽമാത്രം നോക്കിക്കാണുന്നത് അവിശ്വാസികളുടെ സ്വഭാവമാണ്. ഈ പ്രവണത ഇപ്പോൾ സത്യവിശ്വാസികളെയും പിടികൂടിയിരിക്കുന്നു. അതുകൊണ്ടുതന്നെ 'സകാത്തു നൽകിയാൽ ധനം ഇരട്ടിക്കു'മെന്നും 'ദാനം ധനത്തെ കുറക്കില്ലെ'ന്നും പറയുമ്പോൾ സമുദായം മിഴിച്ചു നോക്കുന്നു! ഇവിടെ വിശ്വാസക്കുറവാണ് യഥാർഥ പ്രശ്നം. ദൈവഗ്രന്ഥത്തിലും പ്രവാചകനിലും വിശ്വസിക്കുകയെന്നു പറഞ്ഞാൽ ദൈവം ദൂതനെ അയച്ചിട്ടുണ്ടെന്നു മാത്രം വിശ്വസിക്കലല്ല. പ്രത്യുത, ദൈവവും ദൂതനും പറഞ്ഞതെല്ലാം സത്യം മാത്രമാണെന്ന് -തസ്ദീഖ്- അടിയുറച്ചു വിശ്വസിക്കലും അതനുസരിച്ച് ജീവിക്കലുമത്രെ.

എയ്ഡ്സിനു കാരണം സൂക്ഷ്മതയില്ലാത്ത ലൈംഗിക ബന്ധമാണെന്നും കൃഷികുറഞ്ഞതിനാലാണ് ഭക്ഷ്യക്ഷാമമുണ്ടായതെന്നും മഴലഭിക്കാത്തത് പരിസ്ഥിതിനാശം കൊണ്ടാണെന്നും ശത്രുക്കൾ നമ്മെ കീഴ്പ്പെടുത്തുന്നത് കൈയിൽ വേണ്ടത്ര ഭൗതിക സന്നാഹങ്ങൾ ഇല്ലാത്തതുകൊണ്ടാണെന്നും അനൈക്യത്തിനു കാരണം സംഘടനകളുടെ ആധിക്യമാണെന്നും വാദിക്കപ്പെടുന്നു. തീർച്ചയായും ഈ വാദങ്ങളിലൊക്കെ കഴമ്പുണ്ട്. എന്നാൽ അവമാത്രമാണോ ശരി? ധാർമിക കാരണങ്ങളുമില്ലേ? ഭൗതിക കാരണങ്ങൾ അവഗണിക്കണമെന്നല്ല, പ്രത്യുത ധാർമിക കാര്യങ്ങൾ കൂടി പരിഗണിക്കണമെന്നാണ് പറയുന്നത്.

നബി(സ) അരുൾ ചെയ്തു: "ഹേ മുഹാജിറുകളേ, അഞ്ചു കാര്യങ്ങൾ മുഖേന അല്ലാഹു നിങ്ങളെ പരീക്ഷിക്കും, അവ നിങ്ങൾക്ക് വന്നുഭവിച്ചിട്ടില്ല. നിങ്ങളതിൽ പെടാതിരിക്കാൻ അല്ലാഹുവോട് ഞാൻ അഭയം തേടുന്നു. ഒരു ജനതയിൽ വ്യഭിചാരം പ്രത്യക്ഷപ്പെടുകയും അവരത് പരസ്യമാക്കി തുടങ്ങുകയും ചെയ്താൽ തങ്ങളുടെ പൂർവികർക്കില്ലാതിരുന്ന വ്യാധികൾ അവരിൽ വ്യാപിക്കാതിരിക്കില്ല. ഒരു ജനത അളവുതൂക്കങ്ങളിൽ കൃത്രിമം കാണിക്കുകയാണെങ്കിൽ ക്ഷാമം, അധികച്ചെലവ്, അധികാരികളുടെ മർദനം എന്നിവ മുഖേന അവർ ശിക്ഷിക്കപ്പെടാതിരിക്കില്ല. ഒരു ജനത തങ്ങളുടെ സമ്പത്തിന്റെ സകാത്ത് നൽകാതിരുന്നാൽ അവർക്ക് മഴ തടയപ്പെടാതിരിക്കില്ല. നാൽകാലികൾ ഇല്ലെങ്കിൽ അവർക്ക് മഴ ലഭിക്കുകതന്നെയില്ല. ഒരു ജനത അല്ലാഹുവിന്റെയും റസൂലിന്റെയും ഉടമ്പടി ലംഘിച്ചാൽ അവരുടെ മേൽ തങ്ങളിൽ പെടാത്ത ഒരു ശത്രുവിന് അധികാരം നൽകുകയും അവരുടെ കൈവശമുള്ളതിൽ ഒരുഭാഗം ആ ശത്രു പിടിച്ചെടുക്കുകയും ചെയ്യുന്നതാണ്. ഒരു ജനതയുടെ നേതാക്കൾ അല്ലാഹുവിന്റെ ഗ്രന്ഥമനുസരിച്ച് വിധികൽപിക്കാതിരുന്നാൽ അവർക്കിടയിൽ വഴക്കും ഛിദ്രതയും ഉണ്ടാവാതിരിക്കില്ല" (ഇബ്നുമാജ, ബസ്സാർ, ബൈഹഖി).

ഈ വീക്ഷണകോണിലൂടെ ചിന്തിക്കുമ്പോൾ സമുദായം ഇന്ന് നേരിടുന്ന പിന്നാക്കാവസ്ഥയുടെ യഥാർഥ കാരണം നാം വേണ്ടത്ര ചർച്ച ചെയ്യുന്നുണ്ടോയെന്ന് സംശയമാണ്. ഏതൊരു വിഷയത്തെയും ആത്മീയ-ഭൗതിക സമന്വയത്തിലൂടെ വേണം വിലയിരുത്താൻ (ഖുർആനിന്റെ ഭാഷയിൽ തഖ്‌വയും ഖുവ്വയും). തഖ്‌വ(ഭക്തി)യില്ലാത്ത ഖുവ്വ(ശക്തി) ഒരിക്കലും ഫലം ചെയ്യില്ല.

ജാബിർ(റ) പ്രസ്താവിക്കുന്നു: ഒരാൾ നബി(സ)യോട് ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, ധനത്തിന്റെ സകാത്ത് കൊടുത്തുകഴിഞ്ഞ ആളെ പറ്റി എന്തുപറയുന്നു?" പ്രവാചന്റെ മറുപടി ഇതായിരുന്നു: "ഒരാൾ തന്റെ ധനത്തിന്റെ സകാത്ത് കൊടുത്തുകഴിഞ്ഞാൽ ആ ധനത്തിന്റെ നാശം അവനിൽനിന്നും പോയിക്കഴിഞ്ഞു." സകാത്ത് കൊടുത്തുവീട്ടാത്ത ധനത്തിന്റെ കൂടെ നാശമുണ്ട്. ആ നാശം സ്വാഭാവികമായും നമ്മുടെ മറ്റു ധനത്തെയും നശിപ്പിക്കും. 'സകാത്ത് കൊടുക്കാത്ത ധനം മറ്റുധനവുമായി കൂടിക്കലർന്നാൽ ആദ്യത്തെ അശുദ്ധ ധനം രണ്ടാമത്തെ ധനത്തെകൂടി തിന്നുകളയും' എന്ന മറ്റൊരു പ്രവാചകവചനം കൂടിയുണ്ട്.

**പലിശ വാങ്ങുന്നത് മാത്രമാണ് കുറ്റകരമെന്നും കൊടുക്കുന്നത് കുറ്റമല്ലെന്നുമുള്ള വികലചിന്ത സമുദായത്തെ പിടികൂടിയിട്ടുണ്ട്. തൊട്ടതിനും പിടിച്ചതിനുമൊക്കെ ബാങ്കിനെയും ബ്ലെയ്ഡുകാരെയും ആശ്രയിക്കുന്നവർ പലിശ നിർബാധം കൊടുക്കുകവഴി പ്രവാചകൻ ശപിച്ച പലിശ 'തീറ്റുന്നവരി'ൽ ഉൾപ്പെടില്ലേയെന്നു ചിന്തിക്കേണ്ടതുണ്ട്.**

ഇതുതന്നെയാണ് പലിശയുടെയും അവസ്ഥ. ഇസ്‌ലാം പലിശയെയും അതിന്റെ അംശങ്ങളെയും ശക്തമായി നിരോധിച്ചിട്ടുണ്ട്. നബി(സ) ഏഴ് വൻപാപങ്ങൾ എണ്ണിയപ്പോൾ മുൻനിരയിൽതന്നെ പലിശയെ എണ്ണിയിരിക്കുന്നു. അവിടുന്ന് മറ്റൊരിക്കൽ പറഞ്ഞു: "പലിശ തിന്നുന്നവനെയും തീറ്റുന്നവനെയും അതിനുവേണ്ടി സാക്ഷിനിൽക്കുന്നവനെയും അത് എഴുതി വെക്കുന്നവനെയും അല്ലാഹു ശപിച്ചിരിക്കുന്നു" (ബുഖാരി, മുസ്‌ലിം).

പലിശ വാങ്ങുന്നത് മാത്രമാണ് കുറ്റകരമെന്നും കൊടുക്കുന്നത് കുറ്റമല്ലെന്നുമുള്ള വികലചിന്ത സമുദായത്തെ പിടികൂടിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ബാങ്കുലോണില്ലാത്ത കുടുംബങ്ങളില്ല എന്നതാണവസ്ഥ. വസ്തുത മറിച്ചാണ്. തൊട്ടതിനും പിടിച്ചതിനുമൊക്കെ ബാങ്കിനെയും ബ്ലെയ്ഡുകാരെയും ആശ്രയിക്കുന്നവർ പലിശ നിർബാധം കൊടുക്കുക വഴി പ്രവാചകൻ ശപിച്ച പലിശ 'തീറ്റുന്നവരി'ൽ ഉൾപ്പെടില്ലേയെന്നു ചിന്തിക്കേണ്ടതുണ്ട്. നമ്മുടെ നാട്ടിൽ ബിസിനസ് രംഗത്താണ് പലിശ കൊടികുത്തിവാഴുന്നത്. ഖുർആനികമായി ചിന്തിക്കുമ്പോൾ പലിശ ബിസിനസിനെ നശിപ്പിക്കാനാണ് സാധ്യത. അല്ലാഹു പറയുന്നു: "ജനങ്ങളുടെ മുതലുകളിൽ ചേർന്ന് വളരുന്നതിനുവേണ്ടി നിങ്ങൾ ഒടുക്കുന്ന പലിശയുണ്ടല്ലോ, അല്ലാഹുവിങ്കൽ അത് വളരുന്നില്ല. അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട് നിങ്ങൾ നൽകുന്ന സകാത്ത്, അത് നൽകുന്നവരാകുന്നു യഥാർഥത്തിൽ സമ്പത്ത് ഇരട്ടിപ്പിക്കുന്നവർ" (*അർറൂം* 30).

സദാചാര കുറ്റത്തേക്കാൾ മാരകമാണ് പലിശപോലുള്ള സാമ്പത്തിക കുറ്റങ്ങൾ. പ്രമാണങ്ങൾ അക്കാര്യം തെര്യപ്പെടുത്തുന്നുണ്ട്. ഖുർആൻ പലിശക്കെതിരെ യുദ്ധപ്രഖ്യാപനമത്രെ നടത്തിയത് (*അൽബഖറ* 279). നബി(സ) അരുൾ ചെയ്യുന്നു: "പലിശയായ ഒരു ദിർഹം, അല്ലാഹുവിങ്കൽ മുപ്പത്തിയാറ് വ്യഭിചാരത്തേക്കാൾ കടുത്ത കുറ്റമാണ്' (ദാറുഖുത്നി). മറ്റൊരിക്കൽ പറഞ്ഞു: "പലിശ തൊണ്ണൂറ്റിയൊമ്പത് വിധമുണ്ട്. അതിലേറ്റം ലഘുവായത് ഒരാൾ തന്റെ മാതാവുമായി സഹശയനം നടത്തുന്നതുപോലെയാകുന്നു" (ദാറുഖുത്നി). ■